"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

ഭവനനിർമ്മാണ വകുപ്പ്- വാർഷിക പദ്ധതി 2026-27- കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് - 'ട്രെയിനിംഗ് പ്ലാൻ ആന്റ് ഓഫീസ് ഓട്ടോമേഷൻ' പദ്ധതി-ഭരണാനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.27/2026/HSG    തീയതി,തിരുവനന്തപുരം, 30-09-2026

---

പരാമർശം:-
1. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 17.08.2026-ലെ KSHB-HO/230/2026-SM നമ്പർ കത്ത്.
2. 18.08.2026-ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ജീവനക്കാർക്കുള്ള പരിശീലന പദ്ധതി നടപ്പിലാക്കുന്നതിന് 2216-80-103-99(38) എന്ന ശീർഷകത്തിൽ ₹200 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

2) 2026-27 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം വിനിയോഗിച്ച് സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ജീവനക്കാർക്കുള്ള വിവിധ പരിശീലന പരിപാടികൾ, ഹെഡ് ഓഫീസ് കെട്ടിടത്തിന്റെ നവീകരണം, ഐ.ടി. അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി ആകെ 200 ലക്ഷം രൂപയുടെ പദ്ധതി (ട്രെയിനിംഗ് പ്ലാൻ ആന്റ് ഓഫീസ് ഓട്ടോമേഷൻ') ശിപാർശ പരാമർശം (1) പ്രകാരം ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി ലഭ്യമാക്കുകയുണ്ടായി.

3) പ്രസ്തുത പ്രൊപ്പോസൽ 18.08.2026-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും, പദ്ധതിയ്ക്ക് ഉപാധികളോടെ ഭരണാനുമതി നല്കുവാൻ പരാമർശം (2) പ്രകാരം അംഗീകാരം നല്കുകയും ചെയ്തു.

4) ആയതിന്റെ അടിസ്ഥാനത്തിൽ, 2026-27 സാമ്പത്തിക വർഷത്തെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ 'ട്രെയിനിംഗ് പ്ലാൻ ആന്റ് ഓഫീസ് ഓട്ടോമേഷൻ' എന്ന പദ്ധതി, ചുവടെ ചേർക്കുന്ന പദ്ധതി ഘടകങ്ങൾക്കായി, 2216-80-103-99(38) എന്ന ശീർഷകത്തിൽ നിന്നും ₹2,00,00,000/- (രണ്ട് കോടി രൂപ മാത്രം) വിനിയോഗിച്ച് നടപ്പിലാക്കുന്നതിന് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl. No. | Components | Amount (in lakhs) |
|---|---|---|
| 1 | Purchase, installation, authorized servicing and AMC of Computers and other Electronics Equipments, Networking of computers and troubleshooting charges. | 55 |
| 2 | Purchase of different Software products, Development of different custom software, Website maintenance, Maintenance of electrical devices, installation and AMC for equipment | 30 |
| 3 | Software Security auditing and hosting of software at State Data Centre, Implementation of face recognition based attendance system at board offices. | 15 |
| 4 | CCTV/IP Camera installation at Offices, Service and maintenance of CCTV systems, Telephone, Internet Charges of BSNL, KSWAN, KFON, Rent of different Wi-Fi connections | 10 |
| 5 | Trainings for employees related to IT, Civil accounting and management, purchase of office stationery for training, printing of handbooks and brochures. | 30 |
| 6 | Infrastructure setup of skill training centre for staff and internship training centre at HO for Civil Engineering/ Diploma graduates | 60 |
| | **Total** | **200** |

1. വാങ്ങുന്ന വസ്തുക്കളുടെ എണ്ണം, വില, സ്പെസിഫിക്കേഷൻസ് സഹിതം പദ്ധതിയ്ക്ക് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്

2. എ.എം.സി.യുടെ റേറ്റ് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമായിരിക്കണം നിശ്ചിക്കേണ്ടത്

3.സോഫ്റ്റ് വെയർ വികസനം, സെക്യൂരിറ്റി ഓഡിറ്റ് എന്നിവയ്ക്ക് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

4. താരതമ്യ വിശകലനത്തിലൂടെ പരിശീലനം ചെലവ് കുറഞ്ഞതാണോയെന്ന് ഉറപ്പ്

വരുത്തേണ്ടതാണ്

5. പദ്ധതി നടപ്പിലാക്കുന്ന ഏജൻസി കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ആയിരിക്കും .കൂടാതെ, പദ്ധതി നടത്തിപ്പിന് കെ.എസ്.എച്ച്.ബി.-യുടെ നിരീക്ഷണ സംവിധാനം ഉപയോഗപ്പെടുത്തേണ്ടതാണ്.

6.പദ്ധതിയുടെ കാലാവധി 2026-27 സാമ്പത്തിക വർഷമായിരിക്കും.

7.പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട നിലവിലുള്ള ഉത്തരവുകളും നിയമപരമായ വ്യവസ്ഥകളും പാലിച്ച് എല്ലാ പ്രവർത്തനങ്ങളും സുതാര്യമായ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.

8.നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തേണ്ടതും ബജറ്റിൽ അനുവദിച്ച ശീർഷകത്തിൽ നിന്നും മാത്രം തുക കണ്ടെത്തേണ്ടതുമാണ്.

9.ബജറ്റ് വിഹിതത്തിൽ നിന്നും ആവശ്യാനുസരണം മാത്രം തുക അനുവദിച്ച് നല്കുന്നതും, എന്നാൽ അനുവദിച്ച തുക ബാങ്കിൽ നിലനിർത്താൻ പാടില്ലാത്തതുമാണ്.

10 ഐ. റ്റി ഘടകങ്ങൾ ഉൾപ്പെടെയുള്ളവയുടെ പർച്ചേസിൽ സ്റ്റോർ പർച്ചേസ് നിയമങ്ങൾ കൃത്യമായും പാലിക്കപ്പെടേണ്ടതാണ്.

11. ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമെങ്കിൽ ടെണ്ടർ/ഇ-ടെണ്ടർ നടപടി സ്വീകരിക്കേണ്ടതും നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും പാലിക്കേണ്ടതുമാണ്.

12. തസ്തിക സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും ഈ പദ്ധതിയിൽ അനുവദനീയമല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
അഡീഷണൽ സെക്രട്ടറി

1. സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
4. ധനകാര്യ (പി.യൂ. സി.) വകുപ്പ്
5. ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by
Krishnakumar S
Date: 30-09-2026
13:19:44
സെക്ഷൻ ഓഫീസർ